**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **08-08-2023 - ൽ മറുപടിയ്ക്ക്**

**വ്യത്യസ്ത കാറ്റഗറികളിലെ റേഷൻ കാർഡുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ വി കെ പ്രശാന്ത്</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ വ്യത്യസ്ത കാറ്റഗറികളിലെ റേഷൻ കാർഡുകൾ ഏതൊക്കെയെന്നും അവയുടെ കളർ കോഡ് എന്തെന്നും വ്യക്തമാക്കാമോ; ഓരോ കാറ്റഗറിയിലും നിലവിലുള്ള റേഷൻ കാർഡുകളുടെ എണ്ണം വിശദമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്തെ വ്യത്യസ്ത വിഭാഗങ്ങളിലുള്ള റേഷൻകാർഡുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><table>
<tr><th>വിഭാഗം</th><th>കാർഡിന്റെ നിറം</th><th>കാർഡുകളുടെ എണ്ണം</th></tr>
<tr><td>അന്ത്യോദയ അന്നയോജന (AAY)</td><td>മഞ്ഞ</td><td>5,87,691</td></tr>
<tr><td>മുൻഗണനാ വിഭാഗം (Priority)</td><td>പിങ്ക്</td><td>35,53,200</td></tr>
<tr><td>മുൻഗണനേതര സബ്സിഡി (NPS)</td><td>നീല</td><td>23,00,834</td></tr>
<tr><td>മുൻഗണനേതര സബ്സിഡിയിതരം (NPNS)</td><td>വെള്ള</td><td>29,10,644</td></tr>
<tr><td>നോൺ പ്രയോറിറ്റി സ്ഥാപനം (NPI)</td><td>ബ്രൗൺ</td><td>28,025</td></tr>
</table></td></tr>
<tr><td>(ബി)</td><td>എ.എ.വൈ. കാർഡുകൾ ഉപയോഗിച്ച് വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിൽ വില്ക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>(സി)</td><td>എ.എ.വൈ. കാർഡുകളുടെ ദുരുപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;</td><td>(സി)</td><td>തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്തതും ആധാർ ലിങ്ക് ചെയ്യാത്തതുമായ എ.എ.വൈ കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതോടൊപ്പം എ.എ.വൈ കാർഡുകളുടെ ദുരുപയോഗം തടയുന്നതിനായി 'ഓപ്പറേഷൻ യെല്ലോ' എന്ന സർക്കാർ പദ്ധതി പ്രകാരം താലൂക്ക് സപ്ലൈ ആഫീസറുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം ഫീൽഡ് പരിശോധനകൾ നടത്തുകയും അനർഹമായി കൈവശം വച്ചുപയോഗിക്കുന്ന എ.എ.വൈ കാർഡുകൾ കണ്ടെത്തി പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തു വരുന്നു. കൂടാതെ അനർഹമായി എ.എ.വൈ/മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നത് വഴി</td></tr>
</table>

| | | | |
|---|---|---|---|
| | | | ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നുമുണ്ട്. |
| (ഡി) | എ.പി.എൽ. കാർഡുടമകൾക്ക് നല്കുന്ന റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തിന് ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ധാന്യമാണ് മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിച്ചു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് പല തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിൽ നടപടിയുണ്ടായിട്ടില്ല. മുൻഗണനേതര സബ്സിഡി വിഭാഗത്തിലെ കാർഡിലെ ഒരംഗത്തിന് പ്രതിമാസം 2 കി.ഗ്രാം അരിയാണ് നിലവിൽ നൽകി വരുന്നത്. ടി വിഭാഗത്തിന്റെ വിഹിതം വർദ്ധിപ്പിക്കാനാവുമോ എന്നത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ